LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ കടം വർദ്ധന നിരക്ക്

191 (537) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലെ കടം വർദ്ധന നിരക്ക് തുകയും ശതമാനവും വർഷം തിരിച്ച് വിശദമാക്കാമോ ;.

(ബി) നിലവിൽ സംസ്ഥാനത്തിന്റെ കടം എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലെ കടം, വർദ്ധനവ്, വർദ്ധന നിരക്കും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

തുക കോടിയിൽ

വർഷം	കടം	വർദ്ധന നിരക്ക്
2011-12	10744.94	
2012-13	14142.66	31.62%
2013-14	15448.28	9.23%
2014-15 (31-12-2014 വരെ)	9085.98	(-)41.18%

(ബി) 2014 ഡിസംബർ 31 വരെ ലഭ്യമായ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുൾപ്പെടെ 31-12-2014 വരെ സംസ്ഥാനത്തിന്റെ പൊതുകടം 1,28,095.05 കോടി രൂപയാണ്.

എക്സ്പെന്റീച്ചർ ഹെഡ്

192 (538) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ എക്സ്പെന്റീച്ചർ ഹെഡ്ഡുകളിൽ വകയിരുത്തപ്പെട്ട തുകയുടെ അൻപത് (50%) ശതമാനത്തിൽ കൂടുതൽ ചെലവഴിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം ഹെഡ്ഡുകളിൽ 60% ത്തിൽ കൂടുതൽ ചെലവഴിക്കാൻ സാധിച്ചിട്ടില്ല ;

(സി) 70% ത്തിൽ കൂടുതൽ ചെലവഴിക്കാൻ സാധിച്ചിട്ടില്ലാത്ത ഹെഡ്ഡുകൾ ഏവ ;

(ഡി) ഒരു രൂപ പോലും ചെലവഴിക്കാൻ സാധിച്ചിട്ടില്ലാത്ത ഹെഡ്ഡുകൾ എത്ര ?